പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2739 07.12.2018-ലെ മറുപടിക്ക്**

## ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി എന്താണെന്നും ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ളവരും 50,000/- രൂപ വരെ വാർഷിക വരുമാനമുള്ളവരുമായ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഗൃഹനിർമ്മാണത്തിനായി 4 ലക്ഷം രൂപ 4 ഗഡുക്കളായി 15%, 30%, 40%, 15% എന്നീ ക്രമത്തിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ധനസഹായം നൽകി വരുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.<br>ജാതി, വരുമാനം, കൈവശാവകാശം, തിരിച്ചറിയൽ രേഖകൾ മുൻപ് ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം, അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br>2018-19 വർഷം മുതൽ, സംസ്ഥാന സർക്കാർ ലൈഫ് മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവർക്കാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ